# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3483 — 12/12/2014 ലെ മറുപടിക്ക്

**പച്ചക്കറി വില്പന രംഗത്ത് ഹോർട്ടികോർപ്പ് പരാജയപ്പെട്ടതായ ആക്ഷേപം**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. രാജു എബ്രഹാം<br>ശ്രീ. ജെയിംസ് മാത്യു<br>ശ്രീ. വി. ശിവൻകുട്ടി<br>ശ്രീ. എ. പ്രദീപ്കുമാർ | | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) ഇക്കഴിഞ്ഞ ഓണനാളുകളിൽ പച്ചക്കറി വില്പന രംഗത്ത് ഹോർട്ടികോർപ്പിന്റെ പ്രവർത്തനം വിജയകരമായിരുന്നോ; അല്ലെങ്കിൽ എന്തുകൊണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; | എ) | ഇക്കഴിഞ്ഞ ഓണനാളുകളിൽ പച്ചക്കറി വില്പന രംഗത്ത് ഹോർട്ടികോർപ്പിന്റെ പ്രവർത്തനം വിജയകരമായിരുന്നു. പൊതുജനങ്ങൾക്ക് ഈ കാലയളവിൽ വിപണിവിലയേക്കാൾ 20% മുതൽ 30% വരെ വിലക്കുറവിൽ 6187 ടൺ പച്ചക്കറി സംസ്ഥാനത്തെ വിവിധ ജില്ലകളിലെ സ്റ്റാളുകൾ വഴി നൽകുവാൻ ഹോർട്ടികോർപ്പിന് കഴിഞ്ഞു. |
| ബി) ഹോർട്ടികോർപ്പ് ചെയർമാനും എം.ഡിയും തമ്മിലുള്ള സ്വരചേർച്ചയില്ലായ്മയും രാഷ്ട്രീയ ലക്ഷ്യത്തോടെയുള്ള നിയമനങ്ങളും ഇത്തരമൊരു സാഹചര്യം സൃഷ്ടിക്കുന്നതിൽ പങ്ക് വഹിച്ചതായ ആക്ഷേപം സംബന്ധിച്ച അഭിപ്രായം വിശദമാക്കുമോ ; | ബി) | ഹോർട്ടിക്കോർപ്പ് ചെയർമാനും എം.ഡിയും തമ്മിൽ സ്വരചേർച്ചയില്ലായ്മ ഉള്ളതായും ഓണനാളുകളിൽ പച്ചക്കറി വില്പനരംഗത്ത് പ്രവർത്തനം മോശമായതായും ആക്ഷേപം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| സി) ഹോർട്ടികോർപ്പിന് പൊതുമാർക്കറ്റിൽ ഇടപെടാനായി സർക്കാർ എന്തു തുക നൽകിയെന്ന് വ്യക്തമാക്കാമോ; ഈ തുക സമയബന്ധിതമായി തന്നെ ലഭ്യമായോ എന്നറിയിക്കാമോ; | സി) | 2014-15 സാമ്പത്തിക വർഷം പൊതുവിപണിയിൽ ഇടപെടുന്നതിനായി കൃഷി വകുപ്പ് 5 കോടി രൂപ ഹോർട്ടിക്കോർപ്പിന് നൽകിയിട്ടുണ്ട്. ഇത് ഓണം/റംസാൻ സമയത്ത് വിപണിയിടപെടലിനാണ് നൽകിയത്. തുക സമയബന്ധിതമായി തന്നെ ഹോർട്ടിക്കോർപ്പിന് നൽകിയിട്ടുണ്ട്. |
| ഡി) ഹോർട്ടികോർപ്പിന് നിലവിൽ സാമ്പത്തിക പ്രതിസന്ധിയുണ്ടോ വിശദമാക്കാമോ? | ഡി) | ചില പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനും ഉത്സവസീസണുകളിലും പൊതു വിപണിയിൽ പഴം-പച്ചക്കറികൾക്ക് വില വർദ്ധിക്കുമ്പോഴും വിപണിയിൽ ഇടപെടുന്നതിനും ഹോർട്ടികോർപ്പിന് സർക്കാർ ധനസഹായം അനുവദിക്കാറുണ്ട്. ജീവനക്കാരുടെ ശമ്പളം, അലവൻസുകൾ, പി.എഫ്, മറ്റു ചെലവുകൾ എന്നിവ |

കോർപ്പറേഷന്റെ സ്വന്തം ഫണ്ടിൽ നിന്നുമാണ് വിനിയോഗിച്ച് വരുന്നത്. കൃഷി വകുപ്പിന്റെ ആഗോള കാർഷിക മൊത്ത വ്യാപാര വിപണി(വേൾഡ് മാർക്കറ്റ്) വഴി പച്ചക്കറി സംഭരിക്കുമ്പോൾ കർഷകർക്ക് കൂടിയ വില നൽകേണ്ടി വരികയും കമ്പോളവിലയേക്കാൾ താഴ്ന്ന സ്റ്റാളുകൾ വഴി വില്ക്കുകയും ചെയ്യേണ്ടിവരുമ്പോൾ ഹോർട്ടികോർപ്പിന് ഉണ്ടാകുന്ന നഷ്ടം വളരെ വലുതാണ്. സർക്കാർ നൽകുന്ന തുക ഓണം, റംസാൻ മുതലായ ഉത്സവകാലങ്ങളിൽ പൊതുജനങ്ങൾക്ക് വിലക്കിഴിവിൽ പച്ചക്കറി നൽകുന്നതിന് വിനിയോഗിക്കുവാൻ വേണ്ടി മാത്രമാണ്. മറ്റു കാലയളവിലെ പ്രവർത്തനത്തിൽ കോർപ്പറേഷന് നഷ്ടം നേരിടേണ്ടി വരുന്നുണ്ട്. കാലാകാലങ്ങളിലായി ഇത്തരത്തിൽ വർദ്ധിച്ചുവരുന്ന നഷ്ടം നിമിത്തം കോർപ്പറേഷൻ കടുത്ത സാമ്പത്തിക ബുദ്ധിമുട്ട് നേരിടുകയാണ്. 2010-ാമാണ്ടു മുതൽ വേൾഡ് മാർക്കറ്റിൽ നിന്നും കർഷകർക്ക് ഉയർന്ന വില നൽകി ഹോർട്ടികോർപ്പ് പച്ചക്കറി സംഭരിച്ചുവരികയാണ്.

സെക്ഷൻ ഓഫീസർ